ജില്ലാട്രഷറി ആരംഭിച്ചത്. ഇപ്പോഴും അവിടെയൊരു പ്യൂൺ മാത്രമേയുള്ളൂ. അതുകൊണ്ട് അവിടെ പ്രവർത്തനമൊന്നും നടക്കുന്നില്ല. നാലായിരത്തോളം രൂപ വാടക കൊടുക്കുന്നതാണ്. ഞാനിതാൽ മൂവാറ്റുപുഴ ജില്ലാ ട്രഷറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കി എറണാകുളത്തെ തിരക്ക് കുറയ്ക്കുവാനും സബ്—ട്രഷറികളുടെ പ്രവർത്തനം സുഗമമാക്കുന്നതിനും മൂവാറ്റുപുഴ ജില്ലാ ട്രഷറിയിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കാൻ വേണ്ട അടിയന്തിര നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, മൂവാറ്റുപുഴയിൽ അനുവദിച്ച ജില്ലാ ട്രഷറി 29—6—1985—ൽ പ്രവർത്തനമാരംഭിച്ചെങ്കിലും പുതിയ ജില്ലാ ട്രഷറിയിൽ ചെയ്യാൻ ഉദ്ദേശിച്ച ജോലികളൊന്നും ഇതുവരെ അവിടെ ചെയ്തുതുടങ്ങിയിട്ടില്ല. തുടക്കത്തിൽ ജില്ലാ ട്രഷറി ഓഫീസറുടേയും ഒരു പ്യൂണിന്റേയും തസ്തികകളും മാത്രം അനുവദിച്ചുകൊണ്ടാണ് ട്രഷറി തുറന്നത്. പുതിയ തസ്തികകളും സൃഷ്ടിക്കുന്നതിൽ നിയന്ത്രണങ്ങളും ഉള്ളതുകൊണ്ട് തൽക്കാലം എറണാകുളം ജില്ലാ ട്രഷറിയിലെ ചില പോസ്റ്റുകളും മൂവാറ്റുപുഴയിലേക്ക് ഷിഫ്റ്റ് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. അതിനുള്ള നിർദ്ദേശം ഉടനെതന്നെ കൊടുക്കുന്നതാണ്. എറണാകുളം ജില്ലാ ട്രഷറിയുടെ ഭാരം മൂവാറ്റുപുഴയിലെ പുതിയ ട്രഷറിയിലെ പ്രവർത്തനത്തോടെ ഗണ്യമായി കുറയും എന്നുള്ളതുകൊണ്ട് പോസ്റ്റുകളും ഇപ്രകാരം ഷിഫ്റ്റ് ചെയ്യുന്നത് എറണാകുളം ജില്ലാ ട്രഷറിയുടെ പ്രവർത്തനത്തെ യാതൊരു തരത്തിലും ബാധിക്കുകയില്ല.

(2) കറുകച്ചാൽ പ്രൈമറി ഹെൽത്ത് സെന്റർ

ശ്രീ. കാനം രാജേന്ദ്രൻ: സർ, എന്റെ നിയോജകമണ്ഡലത്തിലുള്ള കറുകച്ചാൽ പ്രൈമറിഹെൽത്ത് സെന്ററിൽ രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള സൗകര്യം ഉണ്ടെങ്കിലും അതിനുള്ള സ്റ്റാഫിനെ നിയമിച്ചിട്ടില്ല. ഇപ്പോൾ എൻ.ആർ.ഇ.പി. യിൽ ഉൾപ്പെടുത്തി പത്തു കിടക്കകളുള്ള ഒരു വാർഡിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. 30—ാം തീയതി അതിന്റെ ഔപചാരികമായ ഉദ്ഘാടനം നടക്കുകയാണ്. വാർഡ് ഉദ്ഘാടനം ചെയ്തതുകൊണ്ട് മാത്രമായില്ല, കിടക്കകൾകൂടി അനുവദിക്കണം. അതിനാൽ ആവശ്യമായ കിടക്കകൾ അനുവദിക്കുന്നതിനും സ്റ്റാഫിനെ നിയമിക്കുന്നതിനും വേണ്ട സത്വരനടപടികൾ സ്വീകരിക്കണമെന്നും ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(3) കോട്ടയം ടെക്സ്റ്റൈൽസിൽ അപകടസ്ഥിതി

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി): സർ, എന്റെ നിയോജകമണ്ഡലത്തിലുള്ള ഒരു വ്യവസായസ്ഥാപനമാണ് കോട്ടയം ടെക്സ്റ്റൈയിൽസ്. ഈ സ്ഥാപനത്തിൽ 400—ലധികം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഗവൺമെന്റ് ഏറ്റെടുത്ത കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം കാര്യക്ഷമമായി പ്രവർത്തിച്ച് കഴിഞ്ഞവർഷം 25 ലക്ഷം രൂപ ലാഭമുണ്ടാക്കിയെങ്കിലും ഈവർഷം അതിലേറെ നഷ്ടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇത് ഭരണാധികാരികളുടേയും ഉദ്യോഗസ്ഥൻമാരുടേയും കുറവ് കൊണ്ടല്ല, അവരുടെ കാര്യക്ഷമതയില്ലായ്മകൊണ്ടാണ് സംഭവിക്കുന്നത് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഒരുപക്ഷേ ബഹു

LIBRARY ARCHIVES Kerala Legislative Assembly

Page 1